**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **15-03-2022 - ൽ മറുപടിയ്ക്ക്**

**കനോയിംഗ്, കയാക്കിംഗ് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക മേഖലയുടെ വളർച്ചയ്ക്ക് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതി ഏതെല്ലാം പഞ്ചായത്തിലാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എമാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | ബാക്കിയുള്ള പഞ്ചായത്തുകളിൽ ഇവ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പദ്ധതി നിർവ്വഹണം ഒരു പഞ്ചായത്തിലും ആരംഭിച്ചിട്ടില്ല. |
| (സി) | ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെയും കളിക്കളങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ; ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം പുനർനിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ഹരിപ്പാട് ബോയ്സ് ഗ്രൗണ്ടിന്റെ നവീകരണം - 2.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2. ആര്യാട് സ്റ്റേഡിയം - 1 കോടി രൂപയുടെ ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 3. കണിച്ചുക്കുളങ്ങര സ്റ്റേഡിയം - 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4. തിരുവൻവണ്ടൂർ - 60% പ്രവൃത്തി പൂർത്തിയായി 5. താമരക്കുളം ഗ്രൗണ്ട് നവീകരണം - പ്രാഥമികഘട്ട പ്രവൃത്തികൾ നടന്നുവരുന്നു കിഫ്ബി പദ്ധതികൾ 1)ചെങ്ങന്നൂർ സ്റ്റേഡിയം - ഭരണാനുമതി തുക 40 കോടി രൂപ - 60 % പ്രവൃത്തി പൂർത്തിയായി 2) ഇ എം എസ് സ്റ്റേഡിയം, പ്രീതികുളങ്ങര സ്റ്റേഡിയം എന്നീ രണ്ട് സ്റ്റേഡിയങ്ങൾക്കായുള്ള ഭരണാനുമതി തുക 14.7 കോടി രൂപ 3) ഇ എം എസ് സ്റ്റേഡിയം - ടെണ്ടറിംഗ് നടപടികൾ നടന്നുവരുന്നു. 4) പ്രീതികുളങ്ങര സ്റ്റേഡിയം - 60 % പ്രവൃത്തി പൂർത്തിയായി. 2021-22 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ആലപ്പുഴ നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി മാരാരിക്കുളം, യുവഭാരത് സാംസ്കാരികനിലയം ഇൻഡോർ വോളിബോൾ കോർട്ട് എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 3 കോടി രൂപയും, 1 കോടി രൂപയും അടങ്കൽ തുകയായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തനത് സാമ്പത്തിക വർഷത്തിൽ മേൽ പ്രവൃത്തികൾക്കായി യഥാക്രമം 5 ലക്ഷം രൂപയും, 20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ നൽകിയിട്ടുള്ള മേൽ പദ്ധതികൾ കായിക വകുപ്പിന്റെ ശീർഷകത്തിലേക്ക് ധനകാര്യ വകുപ്പ് മാറ്റി നൽകുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കനോയിംഗ്, കയാക്കിംഗ് ഉൾപ്പെടെയുള്ള ജല കായിക ഇനങ്ങളുടെ പരിശീലനം മികവുറ്റതാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഡി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുന്ന ആലപ്പുഴ റോവിംഗ് അക്കാഡമിയുടെ (ഭരണാനുമതി തുക 10 കോടി രൂപ) നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ എസ്.പി.വി.ആയ കിറ്റ്കോ മുഖേന പുരോഗമിച്ചുവരുകയാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ